അര്‍ശദ് കാരക്കാട്

# തിരിച്ചറിവ് നല്‍കുന്ന ജ്ഞാനം

عَنْ مُعَاوِيَةَ بْنَ أَبِي سُفْيَانَ - رضى الله عنهما - قَالَ: سَمِعْتُ النَّبِيّ صلى الله عليه وسلم يَقُول:
مَنْ يُرِدِ اَللَّهُ بِهِ خَيْرًا يُفَقِّهْهُ فِي اَلدِّينِ (رواه البخاري 71، ومسلم 1037)

**മുആവിയതു ബ്‌നു അബീസുഫ്‌യാനില്‍നിന്ന് നിവേദനം: നബി (സ) പറയുന്നത് ഞാന്‍ കേട്ടു: 'ആര്‍ക്കെങ്കിലും അല്ലാഹു നന്മ ഉദ്ദേശിച്ചിട്ടുണ്ടെങ്കില്‍ അവരെ ദീനില്‍ അവഗാഹമുള്ളവരാക്കുന്നതാണ്' (ബുഖാരി, മുസ്‌ലിം).**

ഒരാള്‍ക്ക് അല്ലാഹു നന്മയും ക്ഷേമവും ഉദ്ദേശിക്കുന്ന പക്ഷം അയാള്‍ക്ക് ദീനീകാര്യങ്ങളില്‍ പരിജ്ഞാനം നല്‍കുമെന്നാണ് നബി(സ) പഠിപ്പിക്കുന്നത്. ചരിത്രം പരിശോധിച്ചാല്‍ ഈ വിധം അല്ലാഹുവില്‍നിന്ന് അനുഗ്രഹങ്ങള്‍ നേടിയെടുത്ത ഒരുപാട് പണ്ഡിതന്മാരെ നമുക്ക് കാണാനാവും. ഇമാം അബൂഹനീഫ, ഇമാം മാലിക്, ഇമാം ശാഫിഈ, ഇമാം അഹ്മദ് തുടങ്ങിയ അസംഖ്യം പേര്‍. ഇവര്‍ക്കൊന്നും അല്ലാഹു ജ്ഞാനം വെറുതെ നല്‍കിയതല്ല. അറിവ് ശേഖരിക്കാനുള്ള അടങ്ങാത്ത അഭിനിവേശം അവരെ ഒരുപാട് യാത്രകള്‍ ചെയ്യാന്‍ പ്രേരിപ്പിച്ചു. പല നാടുകളില്‍നിന്നാണ് അവര്‍ അറിവ് ശേഖരിച്ചത്. അവര്‍ക്കെല്ലാം നന്മ വരണമെന്ന് അല്ലാഹു ഉദ്ദേശിച്ചു. അവരെല്ലാം ദീനില്‍ അവഗാഹമുള്ളവരാവുകയും ചെയ്തു.

വെറുതെ ഇരുന്നാല്‍ കിട്ടുന്നതാണ് അറിവെന്ന ധാരണ വിശ്വാസികള്‍ക്ക് ഉണ്ടാകാവതല്ല. അതുകൊണ്ടാണ് പ്രവാചകന്‍ അറിവ് നേടിയെടുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് വാചാലനായത്. അവിടുന്ന് പറഞ്ഞു: 'ആരെങ്കിലും അറിവ് ശേഖരിക്കുന്നതിനു വേണ്ടി പുറപ്പെട്ടാല്‍ തിരിച്ചുവരുന്നതുവരെ അല്ലാഹുവിന്റെ മാര്‍ഗത്തിലാണ്.' മറ്റൊരു നബിവചനം: 'ഒരുവന്‍ അറിവ് അന്വേഷിച്ച് പുറപ്പെട്ടാല്‍ അല്ലാഹു അവന് സ്വര്‍ഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കും.' അറിവ് മാത്രമാണ് പ്രവാചകന്മാരില്‍നിന്ന് അനന്തരമെടുക്കുന്നത്. അറിവുള്ളവരാണ് പ്രവാചകന്മാരുടെ അനന്തരവന്മാര്‍. വിശുദ്ധ ഖുര്‍ആന്‍ പറയുന്നു: 'നിങ്ങളില്‍ അറിവ് നല്‍കപ്പെടുന്നവന്റെ പദവി അല്ലാഹു ഉയര്‍ത്തിയിരിക്കുന്നു' (*അല്‍മുജാദില:* 11). 'പറയുക അറിവുള്ളവനും അറിവില്ലാത്തവനും സമന്മാരാണോ' (*അസ്സുമര്‍* 9). വിശ്വാസികള്‍ക്കിടയില്‍ പരസ്പര മത്സരത്തിന് സ്ഥാനമില്ലെങ്കിലും അറിവ് ആര്‍ജിക്കുന്ന കാര്യത്തില്‍ ഏതറ്റം വരെയും പോകാം. അബൂവാഖിദി ലൈസില്‍നിന്ന് നിവേദനം: പള്ളിയില്‍ പ്രവാചകനു ചുറ്റും അനുയായികള്‍ ഇരിക്കുകയായിരുന്നു. ആ സമയം മൂന്നു പേര്‍ കടന്നുവന്നു. അതില്‍ രണ്ടു പേര്‍ പ്രവാചകന്റെ അടുക്കലേക്ക് തിരിഞ്ഞു. മൂന്നാമന്‍ പുറത്തേക്ക് പോയി. രണ്ടു പേര്‍ പ്രവാചകന്റെ അടുക്കല്‍ വന്നുനിന്നു. അതിലൊരുവന്‍ പ്രവാചകന്റെ മജ്‌ലിസില്‍ ഒന്നാമത്തെ വരിയില്‍ ഇടം പിടിച്ചു. രണ്ടാമന്‍ അവസാനത്തെ വരിയിലും. മൂന്നാമന്‍ നേരത്തെ പോയികഴിഞ്ഞിരുന്നു. മജ്‌ലിസില്‍നിന്ന് വിരമിച്ചപ്പോള്‍ പ്രവാചകന്‍ പറഞ്ഞു: 'ഞാന്‍ നിങ്ങളോട് ആ മൂന്നുപേരെ കുറിച്ച് പറയാം. ഒന്നാമന്‍ അല്ലാഹുവില്‍ അഭയം പ്രാപിച്ചു. അല്ലാഹു അവന് അഭയം നല്‍കി. രണ്ടാമന്‍ ലജ്ജിച്ചു പിന്നിലിരുന്നു. അവനെകുറിച്ച് അല്ലാഹുവും ലജ്ജിച്ചു. മൂന്നാമന്‍ (മജ്‌ലിസ്) അവഗണിച്ച് പുറത്തേക്ക് പോയി, അല്ലാഹു അവനെയും അവഗണിച്ചു.' അറിവിന്റെ സദസ്സുകളുടെ മഹത്വം എടുത്തുപറയുകയാണ് ഈ ഹദീസില്‍. പരിശ്രമത്തിലൂടെ ആര്‍ജിച്ചെടുക്കേണ്ടതാണ് വിജ്ഞാനം. അതിന് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള സഹായം ഉണ്ടാകുമെന്ന് തീര്‍ച്ച.

നേടിയെടുക്കുന്ന അറിവുകള്‍ പൂര്‍ണമായി അല്ലാഹുവിന്റെ മാര്‍ഗത്തില്‍ പ്രയോജനപ്പെടുത്താനും കഴിയണം. അറിവ് നേടിയെടുത്തവര്‍ തെറ്റുകള്‍ക്ക് കൂട്ടുനില്‍ക്കുന്നത് നാം കാണുന്നുണ്ട്. അപ്പോള്‍ ജ്ഞാനമുള്ളവര്‍ അജ്ഞാനികളായി മാറും. അറിവുള്ളവരെന്ന് നടിക്കുന്നവരുടെ എന്തൊക്കെ പ്രവൃത്തികളും ജല്‍പ്പനങ്ങളും നാം ദിനേന പത്രങ്ങളില്‍ വായിക്കുന്നു. ഇവിടെയാണ് നാം തിരിച്ചറിയേണ്ടത്; അറിവ് അറിവിന് വേണ്ടിയല്ല, മറിച്ച് അല്ലാഹുവിനെ കണ്ടെത്താനും അവനോടുള്ള നന്ദി പ്രകടിപ്പിക്കാനുമുള്ളതാണ്. അതുകൊണ്ടാണ് സൃഷ്ടിച്ച നാഥന്റെ നാമത്തില്‍ വായിച്ചു തുടങ്ങണമെന്ന് ഖുര്‍ആന്‍ കല്‍പിച്ചത്. ഇബ്‌നു മസ്ഊദില്‍നിന്ന് നിവേദനം: നബി (സ) പറഞ്ഞു: 'അറിവ് ഒരുപാട് സംസാരിച്ച് നടക്കാന്‍ വേണ്ടിയുള്ളതല്ല. അത് അല്ലാഹുവിനെ സൂക്ഷിക്കാന്‍ വേണ്ടിയുള്ളതാണ്. 'അല്ലാഹുവിന്റെ അടിമകളില്‍ അവനെ ഭയപ്പെടുന്നവര്‍ അറിവുള്ളവര്‍ മാത്രമാണ്' (*ഫാത്വിര്‍:* 28).